# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | **പ്രധാനവാർത്തകൾ** | **DATE:16.03.2026**

1. പാർലമെൻറിൻറെ ഇരുസഭകളിലും നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. ബീഹാർ, ഒഡീഷ, ഹരിയാന സംസ്ഥാനങ്ങളിലെ 11 രാജ്യസഭാ സീറ്റുകളിലേക്കുള്ള വോട്ടെടുപ്പ് ഇന്ന്.

2. കേരളം , അസം, പുതുച്ചേരി എന്നിവിടങ്ങളിൽ നിയമസഭാ തിരഞ്ഞെടുപ്പ് വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ഈ മാസം 23 വരെ നാമനിർദേശ പത്രിക സമർപ്പിക്കാം.

3. നിയമസഭ തിരഞ്ഞെടുപ്പിൽ ഇത്തവണ പൂർണമായും വെബ് കാസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ചുള്ള ചെലവ് നിരീക്ഷകർ നാളെ കേരളത്തിലെത്തും.

4. സംസ്ഥാനം നിയമസഭാ തിരഞ്ഞെടുപ്പ് ചൂടിലേക്ക്. ബി ജെ പിയും കേരള കോൺഗ്രസ് എമ്മും ആദ്യ ഘട്ട സ്ഥാനാർഥിപ്പട്ടിക ഇന്ന് പുറത്തിറക്കി.

5. എൽപിജിയുമായി വരുന്ന ഇന്ത്യയുടെ ചരക്ക് കപ്പൽ ശിവാലിക് ഇന്ന് വൈകുന്നേരം ഇന്ത്യൻ തീരത്ത് എത്തുമെന്ന് കേന്ദ്ര സർക്കാർ.

6. ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് പഞ്ചാബ് എഫ് സി - എഫ് സി ഗോവയെ നേരിടും.

********************

RNU TVPM

## രാജ്യസഭ -തെരഞ്ഞെടുപ്പ്

പാർലമെൻറിൻറെ ഇരുസഭകളിലും നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. ബീഹാർ, ഒഡീഷ, ഹരിയാന സംസ്ഥാനങ്ങളിലെ 11 രാജ്യസഭാ സീറ്റുകളിലേക്കുള്ള വോട്ടെടുപ്പ് ഇന്ന് നടക്കും. ബീഹാറിൽ അഞ്ചും ഒഡീഷയിൽ നാലും ഹരിയാനയിൽ രണ്ടും സീറ്റുകളിലേക്കാണ് വോട്ടെടുപ്പ്. 10 സംസ്ഥാനങ്ങളിലായി 37 രാജ്യസഭാ സീറ്റുകളിലേക്കുള്ള തിരഞ്ഞെടുപ്പ് വിജ്ഞാപനം കഴിഞ്ഞ മാസമാണ് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചത്. ഇരുപത്തിയാറ് പേർ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു.

********************

## തെരഞ്ഞെടുപ്പ് വിജ്ഞാപനം

കേരളം, അസം, പുതുച്ചേരി എന്നിവിടങ്ങളിൽ നിയമസഭാ തിരഞ്ഞെടുപ്പ് വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ഈ മാസം 23 വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. 24 ന് പത്രികകളുടെ സൂക്ഷ്മ പരിശോധന നടക്കും. ഈ മാസം 26 വരെയാണ് പത്രിക പിൻവലിക്കാൻ അവസരമുള്ളത്. ഏപ്രിൽ ഒൻപതിനാണ് വോട്ടെടുപ്പ്. കേരളത്തിൽ 140 നിയമസഭാ മണ്ഡലങ്ങളാണുള്ളത്. തമിഴ്നാട്ടിൽ ഏപ്രിൽ ഇരുപത്തി മൂന്നിന് വോട്ടെടുപ്പ് നടക്കും. പശ്ചിമബംഗാളിൽ രണ്ട് ഘട്ടങ്ങളിലായാണ് വോട്ടെടുപ്പ്. എല്ലായിടങ്ങളിലും മെയ് നാലിനാണ് വോട്ടെണ്ണൽ.

RNUTVPM

********************

## മാതൃക പെരുമാറ്റച്ചട്ടം(ഇൻട്രോ)

രാജ്യത്ത് തിരഞ്ഞെടുപ്പ് നടക്കുന്ന കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശത്തും മാതൃക പെരുമാറ്റച്ചട്ടം നിലവിൽ വന്നതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന ആറ് സംസ്ഥാനങ്ങളിലും ഇത് ബാധകമായിരിക്കും. ചീഫ് സെക്രട്ടറി, മുഖ്യ തിരഞ്ഞെടുപ്പ്

ഓഫീസർ തുടങ്ങിയവർക്കുള്ള നിർദേശങ്ങളും കമ്മീഷൻ പുറപ്പെടുവിച്ചു.
ഒരു റിപ്പോർട്ട്

(വോയ്സ്)

സർക്കാർ വാഹനങ്ങൾ, താമസസൗകര്യങ്ങൾ തുടങ്ങിയവ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയോ സ്ഥാനാർത്ഥിയോ അല്ലെങ്കിൽ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മറ്റാരെങ്കിലുമോ ദുരുപയോഗം ചെയ്യുന്നത് അനുവദിക്കില്ലെന്ന് മാർഗനിർദേശത്തിൽ പറയുന്നു. മന്ത്രിമാർ ഔദ്യോഗിക ചുമതലകൾ തിരഞ്ഞെടുപ്പ് പ്രചാരണവുമായി കൂട്ടിച്ചേർക്കുകയോ, സർക്കാർ സംവിധാനങ്ങൾ, ഗതാഗത സൗകര്യങ്ങൾ, ജീവനക്കാർ എന്നിവയെ പ്രചാരണത്തിനായി ഉപയോഗിക്കുവാനോ പാടില്ല. പൊതു ഖജനാവിൽ നിന്നുള്ള തുക തിരഞ്ഞെടുപ്പ് പരസ്യങ്ങൾക്കായി ചിലവഴിക്കാനും പാടില്ല. മാതൃക പെരുമാറ്റച്ചട്ട ലംഘനങ്ങൾ C-Vigil App, ECINET എന്നിവ വഴി അറിയിക്കാവുന്നതാണെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. അസം, കേരളം, പുതുച്ചേരി, തമിഴ്നാട്, പശ്ചിമ ബംഗാൾ എന്നീ നിയമസഭാ മണ്ഡലങ്ങളിലേക്കാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. തിരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രഖ്യാപനങ്ങളുടെയും നയപരമായ തീരുമാനങ്ങളുടെയും കാര്യത്തിൽ കേന്ദ്ര സർക്കാരിനും പെരുമാറ്റ ചട്ടം ബാധകമായിരിക്കും. മാതൃക പെരുമാറ്റ ചട്ടം കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.
ന്യൂസ് ഡെസ്ക് ആകാശവാണി.

********************

## കേരളം-വോട്ടെടുപ്പ്

കേരളത്തിൽ 2.7 കോടിയോളം സമ്മതിദായകരാണ് ഉള്ളത്. 1.31 കോടി പുരുഷ വോട്ടർമാരും, 1.38 കോടി വനിതാ വോട്ടർമാരും ട്രാൻസ്ജെൻഡർ വിഭാഗത്തിൽ ഉൾപ്പെട്ട 277 പേരും

RNU TVPM

ഉൾപ്പെടെയാണ് ഇത്. നൂറ് വയസ്സിലേറെ പ്രായമുള്ള 1,571 വോട്ടർമാർ സംസ്ഥാനത്തുണ്ട്. 4.24 ലക്ഷം കന്നിവോട്ടർമാരും, 54 ആയിരത്തിലധികം സർവീസ് വോട്ടർമാരും സംസ്ഥാനത്തുണ്ട്.

*******************

## രത്തൻ യു കേൽക്കർ

നിയമസഭ തിരഞ്ഞെടുപ്പിൽ ഇത്തവണ പൂർണമായും വെബ് കാസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. തിരുവനന്തപുരത്ത് വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രചാരണവുമായി ബന്ധപ്പെട്ട അനുമതികൾ ലളിതമാക്കുന്നതും അവധി ദിവസങ്ങളിൽ നാമനിർദേശ പത്രിക സ്വീകരിക്കുന്ന കാര്യം പരിശോധിച്ച് തീരുമാനം അറിയിക്കുമെന്നും ശ്രീ രത്തൻ യു കേൽക്കർ അറിയിച്ചു. സിപിഐ(എം), സിപിഐ, കോൺഗ്രസ്, ബി.ജെ.പി, കേരള കോൺഗ്രസ് (എം) ആം ആദ്മി പാർട്ടി ഉൾപ്പെടെ 9 പാർട്ടികളിലെ പ്രതിനിധികളാണ് പങ്കെടുത്തത്.

*******************

## സി ഇ ഒ - കളക്ടർ യോഗം

നിയമസഭ തിരഞ്ഞെടുപ്പിന്റെ പശ്ചാതലത്തിൽ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ ജില്ലാ കലക്ടർമാരുമായും എൻഫോഴ്സ്മെന്റ് ഏജൻസികളുമായും ചേർന്ന് ഓൺലൈനായി തെരഞ്ഞെടുപ്പ് അവലോകനയോഗം നടത്തി. വരും ദിവസങ്ങളിൽ ഏകോപനത്തോടെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്ന് അദ്ദേഹം നിർദേശം നൽകി. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ച് പരമാവധി പോളിംഗ് ഉറപ്പുവരുത്തണമെന്നും ശ്രീ. രത്തൻ യു കേൽക്കർ അറിയിച്ചു. ഡിജിപി, അഡീഷണൽ CEO മാർ തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു.

*******************

RNU TVPM

## നിയമസഭ- ചെലവ് നിരീക്ഷകർ(ഇൻട്രോ)

നിയമ സഭാ തെരെഞ്ഞെടുപ്പിനോട് അനുബന്ധിച്ചുള്ള ചെലവ് നിരീക്ഷകർ നാളെ കേരളത്തിലെത്തും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

(വോയ്സ്)

********************

## ബി ജെ പി - സ്ഥാനാർഥിപ്പട്ടിക

സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ബി ജെ പിയുടെ ആദ്യ ഘട്ട സ്ഥാനാർഥിപ്പട്ടിക ഇന്ന് പുറത്തിറക്കി. പാർട്ടി അധ്യക്ഷൻ രാജീവ് ചന്ദ്ര ശേഖർ നേമത്ത് നിന്നും മത്സരിക്കും. മുൻ അധ്യക്ഷനും ബിജെപി സംസ്ഥാന കമ്മറ്റി അംഗവുമായ കെ സുരേന്ദ്രൻ മഞ്ചേശ്വരത്ത് നിന്നും, മുൻ കേന്ദ്ര മന്ത്രി വി മുരളീധരൻ കഴക്കൂട്ടത്തുനിന്നും, പികെ കൃഷ്ണദാസ് കാട്ടാക്കടയിൽ നിന്നും ജനവിധി തേടും. ശോഭ സുരേന്ദ്രൻ പാലക്കാടും, പദ്മജ വേണുഗോപാൽ തൃശ്ശൂരും, ശാസ്തമംഗലം വാർഡ് കൗൺസിലർ ആർ ശ്രീലേഖ വട്ടിയൂർക്കാവിൽ നിന്നും മത്സരിക്കും. 47 സീറ്റുകളിലേക്കാണ് പട്ടിക പ്രസിദ്ധീകരിച്ചത്. സി.പി.എമ്മും സി.പി.ഐ യും ഇന്നലെ ആദ്യ പട്ടിക പുറത്തിറക്കിയിരുന്നു. കോൺഗ്രസ് സ്ഥാനാർഥിപ്പട്ടിക നാളെ പ്രഖ്യാപിച്ചേക്കും.

RNU TVPM

********************

## കേരളാ കോൺഗ്രസ് (എം)

നിയമസഭാ തെരഞ്ഞെടുപ്പിനുള്ള സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ച് കേരളാ കോൺഗ്രസ് (എം). പാലായിൽ ജോസ് കെ മാണിയും ഇടുക്കിയിൽ റോഷി അഗസ്റ്റിനും റാന്നിയിൽ പ്രമോദ് നാരായണനും ഇരിക്കൂറിൽ മാത്യൂ കുന്നപ്പള്ളിയും സ്ഥാനാർത്ഥികളാകും.
12 സീറ്റുകളിലേയ്ക്കാണ് സ്ഥാനാർത്ഥി പ്രഖ്യാപനം നടത്തിയത്.

********************

## തീവ്രവോട്ടർ പട്ടിക

സംസ്ഥാനത്ത് വോട്ടർപട്ടികയിൽ പേര് ചേർക്കാൻ സാധിക്കാത്തവർക്ക് ഈ മാസം 23 വരെ പേരു ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം.

********************

## രാം മോഹൻ നായിഡു

പശ്ചിമേഷ്യയിലെ സംഘർഷത്തിനിടെ 2 ലക്ഷത്തി 19,000 ത്തിലധികം പേർ ഇന്ത്യയിലേക്ക് മടങ്ങിയെത്തിയതായി സിവിൽ വ്യോമയാന മന്ത്രി കെ. രാം മോഹൻ നായിഡു. വിമാന സർവീസുകളുടെ സുരക്ഷയ്ക്കാണ് പ്രഥമ പരിഗണന നൽകുന്നതെന്നും വ്യോമപാത ലഭ്യമായപ്പോഴെല്ലാം വിമാനക്കമ്പനികൾ സർവീസ് നടത്തിയതായും അദ്ദേഹം രാജ്യസഭയിൽ പറഞ്ഞു.

********************

## അന്തർ മന്ത്രാലയ വാർത്താ സമ്മേളനം (ഇൻട്രോ)

എൽപിജിയുമായി വരുന്ന ഇന്ത്യയുടെ ചരക്ക് കപ്പൽ ശിവാലിക് ഇന്ന് വൈകുന്നേരം ഇന്ത്യൻ തീരത്ത് എത്തുമെന്ന് തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രാലയത്തിലെ സ്പെഷ്യൽ സെക്രട്ടറി രാജേഷ് കുമാർ സിൻഹ അറിയിച്ചു.

വിശദാംശങ്ങളിലേക്ക്....

(വോയ്സ്)

ക്രൂഡ് ഓയിൽ ആവശ്യത്തിന് ലഭ്യമാണെന്നും രാജ്യത്തുടനീളമുള്ള എല്ലാ റിഫൈനറികളും അവയുടെ പരമാവധി ശേഷിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ അറിയിച്ചു. പശ്ചിമേഷ്യയിലെ സംഭവവികാസങ്ങളെ സംബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന അന്തർ മന്ത്രാലയ തല വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അവർ. മറ്റൊരു ഇന്ത്യൻ കപ്പലായ നന്ദാ ദേവി നാളെ എത്തുമെന്നും

RNUTVPM

തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രാലയത്തിലെ സ്പെഷ്യൽ സെക്രട്ടറി രാജേഷ് കുമാർ സിൻഹ അറിയിച്ചു. യുഎഇയിൽ നിന്ന് പുറപ്പെട്ട ഇന്ത്യൻ കപ്പൽ ജഗ് ലാഡ്കി ഇന്ത്യയിലേക്കുള്ള യാത്രയിലാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.
(വോയിസ് സിൻഹ)

ഇറാനിലുള്ള ഏകദേശം 550 ഇന്ത്യൻ പൗരന്മാരെ കരമാർഗ്ഗം അർമേനിയയിലേക്കും, 90 പേരെ അസർബൈജാനിലേക്കും മാറ്റിയിട്ടുണ്ടെന്നും, വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.
ന്യൂസ് ഡെസ്ക് ആകാശവാണി.

********************

## എസ്.പി ബാലസുബ്രഹ്മണ്യം പൂർണ്ണകായ പ്രതിമ (ഇൻട്രോ)

മലയാള ചലച്ചിത്ര രംഗത്തെ ഗായകരുടെ സംഘടനയായ 'സമം' ഒരുക്കിയ ഗായകൻ എസ്.പി ബാലസുബ്രഹ്മണ്യത്തിന്റെ പൂർണ്ണകായ പ്രതിമ പാലക്കാട് എത്തിച്ചു. വി.ടി ഭട്ടതിരിപ്പാട് സ്മാരക സമുച്ചയ മുറ്റത്ത് സ്ഥാപിക്കുന്ന പ്രതിമ ജില്ലാ കളക്ടർ എം.എസ് മാധവിക്കുട്ടി ശില്പി ഉണ്ണി കാനായിയിൽ നിന്ന് ഏറ്റുവാങ്ങി.

**കൂടുതൽ വിവരങ്ങളുമായി ആകാശാവാണി പാലക്കാട് പ്രതിനിധി ഫൈസൽ അലിമുത്ത്.**

(വോയ്സ്)

********************

## ഐഎസ്എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് പഞ്ചാബ് എഫ് സി - എഫ് സി ഗോവയെ നേരിടും. ഡൽഹി ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ വൈകുന്നേരം 7.30 നാണ് മത്സരം.

********************

## ചൂട്

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഇന്ന് താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഉയർന്ന ചൂട്, സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി

RNU TVPM

ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും എന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും നിർദേശം. അൾട്രാവയലറ്റ് സൂചിക ഉയർന്നതിന്റെ പശ്ചാത്തലത്തിൽ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. അതേസമയം, സംസ്ഥാനത്ത് അടുത്ത 5 ദിവസം ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

********************

*************

****

RNU TVPM